# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂൺ 30

# വാർത്താക്കുറിപ്പ്

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്; തൊഴിൽ - ഗവേഷണ സാധ്യതകളുമായി എംജി.യുടെ എം എസ് സി

പ്രൊഫഷണൽ - അക്കാദമിക് മേഖലകളിൽ ഇന്ന് ഏറെ സാധ്യതകളുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗിൽ പ്രഗത്ഭരായ അക്കാദമിക് വിദഗ്ധരുടെയും മികച്ച സാങ്കേതികവിദ്യയുടെയും പിൻബലത്തോടെ വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കാൻ എം.ജി. സർവകലാശാല. നാലു സെമസ്റ്ററുകളിലായി (രണ്ടു വർഷം) രൂപകൽപ്പന ചെയ്തിട്ടുള്ള എം.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (എ. ഐ ആന്റ് എം.എൽ.) പ്രോഗ്രാമിന് അവസരമൊരുക്കുന്നത് സർവകലാശാലയ്ക്ക് കീഴിൽ സർവ്വകലാശാല ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആന്റ് റോബോട്ടിക്സ് ആണ്.

ദേശീയ-അന്തർദ്ദേശീയ തലങ്ങളിലുള്ള തൊഴിൽദാതാക്കൾക്കും അക്കാദമിക് സ്ഥാപനങ്ങൾക്കും അനുയോജ്യമായ വിധത്തിൽ പ്രൊഫഷണലുകളേയും അക്കാദമിക് വിദഗ്ധരേയും ഗവേഷകരേയും വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പഠനശാഖകളെ മികച്ച രീതിയിൽ കൂട്ടിയിണക്കിയാണ് ഇതിന്റെ പാഠ്യക്രമത്തിന് രൂപം കൊടുത്തിട്ടുള്ളത്. ബിരുദതലം വരെ അക്കാദമിക് മികവ് പുലർത്തിയിട്ടുള്ളവരെ പ്രൊഫഷണൽ-അക്കാദമിക് രംഗത്തെ പുതിയ വെല്ലുവിളികൾ നേരിടുന്നതിനും അവരുടെ നേതൃശേഷി വർധിപ്പിച്ച് തൊഴിൽ രംഗത്തെ ഉയർന്ന സ്ഥാനങ്ങൾ എത്തിപ്പിടിക്കുന്നതിനും സഹായകമായവിധത്തിൽ ഡാറ്റാ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നിവയിലെ തിയററ്റിക്കലും പ്രായോഗികവുമായ സമീപനങ്ങൾ, വിഷയവുമായി ബന്ധപ്പെട്ട ഗണിതശാസ്ത്രസംബന്ധിയായ പഠനങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി കൊണ്ടുള്ളതാണ് ഈ പ്രോഗ്രാമിൻ്റെ പാഠ്യക്രമം.

ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്/ഇൻഫർമേഷൻ ടെക്നോളജി/സൈബർ ഫോറൻസിക്/ഇലക്ട്രോണിക്സ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഫസ്റ്റ് ക്ലാസ് ബിരുദമെടുത്തിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഇതുകൂടാതെ ഏതെങ്കിലും സയൻസ് വിഷയത്തിൽ കമ്പ്യൂട്ടർ സയൻസോ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ മേജർ കംപോണൻ്റായി ഒന്നാംക്ലാസ് ബിരുദമെടുത്തവരേയും പരിഗണിക്കും. കമ്പ്യൂട്ടർ സയൻസ്, ഐ.ടി., ഇലക്ട്രോണിക്സ്, ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവയിൽ ഒന്നാംക്ലാസ് ബി.ടെക് അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം. നിശ്ചിത സമയത്ത് യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാമെന്ന വ്യവസ്ഥയിൽ നിർദ്ദിഷ്ട ബിരുദ കോഴ്സുകൾ പൂർത്തിയാക്കി പരീക്ഷാ ഫലം കാത്തിരിക്കുന്നവരെയും പരിഗണിക്കും. താല്പര്യമുള്ളവർ മഹാത്മാഗാന്ധി സർവകലാശാലയുടെ www.cat.mgu.ac.in എന്ന വെബ് സൈറ്റ് മുഖേന ജൂലൈ 12ന് മുമ്പായി അപേക്ഷിക്കണം.' വിശദവിവരത്തിന് ഫോൺ: 9188661784, 0481-2733595, ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/588/2021)

## പ്രാക്ടിക്കൽ

മൂന്നും നാലും സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ ഒന്നുമുതൽ 14 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/588/2021)

പി.സി. സുരേഷ് കുമാർ